**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** **13-09-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് ക്വാർട്ടേഴ്സിലെ പെൺകുട്ടിയുടെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരത്ത് പോലീസ് ക്വാർട്ടേഴ്സിൽ അമിത ലഹരി ഉപയോഗം മൂലം പെൺകുട്ടി മരണമടഞ്ഞ സംഭവത്തിൽ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഈ സംഭവത്തിന് തിരുവനന്തപുരം സിറ്റി മ്യൂസിയം പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. തിരുവനന്തപുരം സിറ്റി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 344/2023 U/s 174 CrPc പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം പ്രസ്തുത കേസ് ക്രൈം ബ്രാഞ്ചിനു കൈമാറിയിട്ടുള്ളതുമാണ്. ക്രൈം ബ്രാഞ്ചിൽ ക്രൈം നമ്പർ 1980/CB/CU-IV/TVM/2023 ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ഈ കേസിൽ നാളിതുവരെ നടത്തിയ അന്വേഷണത്തിൽ മരണപ്പെട്ട പെൺകുട്ടി ലഹരി ഉപയോഗിച്ചിരുന്നതായി യാതൊരു വിവരവും ലഭിച്ചിട്ടില്ലാത്തതും പെൺകുട്ടിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ നടത്തിയിരുന്ന സമയത്തും പോസ്റ്റ്മോർട്ടം പരിശോധനാ വേളയിലും ശേഖരിച്ചിരുന്ന സാമ്പിളുകൾ കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ പരിശോധന നടത്തിയതിൽ ലഹരി മരുന്നിന്റെ സാന്നിദ്ധ്യം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്. എന്നാൽ പ്രസ്തുത പെൺകുട്ടിയെ മരണപ്പെടുന്നതിനു കുറച്ചു കാലം മുമ്പ് ലൈംഗികമായി ദുരുപയോഗം ചെയ്തു വരുന്നതായി പോസ്റ്റ്മോർട്ടം പരിശോധനയിൽ വെളിവായിട്ടുള്ളതിനാൽ ഇക്കാര്യത്തിന് താഴെ പറയുന്ന ഒരു കേസുകൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>2. തിരുവനന്തപുരം സിറ്റി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 377/2023 U/s 376 DA, 376 E IPC & Sec. 3(a) 3(d) 4(2) 5(L) r/w 6 of |

| | | | |
|---|---|---|---|
| | | | POSCO Act 2019 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം സിറ്റി ജില്ലാ ക്രൈംബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തി വന്നിരുന്നതും തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതുമാണ്. ക്രൈംബ്രാഞ്ചിൽ ക്രൈം നമ്പർ 662181/CB/CU-IV/TVM/R/2023 ആയി റീ നമ്പർ ചെയ്ത് ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത അന്വേഷണത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ചു ലഹരി മാഫിയ പ്രവർത്തിക്കുന്നതായും കുട്ടികളെ ദുരുപയോഗം ചെയ്യുന്നതായും കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | മേൽ കേസുകൾ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ